


# പദ്ധതി നിർവ്വഹണത്തിൽ ഫാസ്റ്റ് ഫോർവേഡ്

സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാർ തുടങ്ങിയ വിപണനകേന്ദ്രങ്ങളിൽ കുടുംബശ്രീയുടെ ഉത്പന്നങ്ങൾക്കായി ഷെൽഫ് സ്പേസുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് 12 ദിവസങ്ങൾക്ക് മുൻപ് Making an Impact 453 ൽ എഴുതിയിരുന്നുവല്ലോ. തിരുവനന്തപുരത്ത് വഴുതക്കാടും ശ്രീകാര്യത്തുമുള്ള സപ്ലൈകോ ഹൈപ്പർ മാർക്കറ്റുകളിലാണ് അന്നേ ദിനം ഷെൽഫ് സ്പേസുകൾ സ്ഥാപിച്ചത്. രണ്ടാഴ്ചയ്ക്കകം 400 സപ്ലൈകോ വിപണന കേന്ദ്രങ്ങൾ സന്ദർശിച്ച് പ്രാദേശികമായി കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനം സാധ്യമാക്കുന്നതിന് ഷെൽഫ് സ്പേസുകൾ ആരംഭിക്കാനുള്ള നടപടികൾ കൈക്കൊള്ളാൻ ജില്ലാ മിഷൻ കോർഡിനേറ്റർമാരോട് നിർദ്ദേശിച്ചിരുന്നു. ഈ പദ്ധതിയുടെ നിർവ്വഹണം മികച്ച വേഗത്തിൽ നടത്തിവരികയാണെന്ന കാര്യം ഏവരേയും സന്തോഷപൂർവ്വം അറിയിക്കട്ടെ.

ഉദ്ഘാടനം നടന്ന ദിവസം മുതൽ ഇന്ന് വരെയുള്ള 12 ദിനങ്ങൾ കൊണ്ട് 393 സപ്ലൈകോ വിപണന കേന്ദ്രങ്ങളിലാണ് കുടുംബശ്രീ ടീം അംഗങ്ങൾ സന്ദർശനം നടത്തിയത്. ഈ 393 കേന്ദ്രങ്ങൾ സന്ദർശിച്ചതിൽ 315 ഇടങ്ങളിൽ ഷെൽഫുകൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

ഇത്രയും കുറഞ്ഞ ദിനങ്ങൾ കൊണ്ട് 72 സപ്ലൈകോ വിപണന കേന്ദ്രങ്ങളിൽ കുടുംബശ്രീ ഉത്പന്നങ്ങൾ വിൽക്കാനുള്ള അവസരം ഒരുക്കിയ ടീം അംഗങ്ങൾക്കേവർക്കും അഭിനന്ദനങ്ങൾ നേരട്ടെ. അടുത്ത രണ്ടാഴ്ചയ്ക്കകം ശേഷിക്കുന്ന സപ്ലൈകോ സൂപ്പർ, ഹൈപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും കുടുംബശ്രീ ഉത്പന്നങ്ങൾക്കായുള്ള പ്രത്യേക ഷെൽഫുകൾ സ്ഥാപിക്കാൻ വേണ്ട നടപടികൾ ഏവരും കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കട്ടെ.

സപ്ലൈകോ സൂപ്പർ, ഹൈപ്പർ, പീപ്പിൾസ് ബസാർ വിപണന കേന്ദ്രങ്ങളിലെല്ലാം കുടുംബശ്രീയുടെ ഷെൽഫുകൾ സ്ഥാപിച്ചതിന് ശേഷം വിറ്റുവരവിന്റെ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാനും പ്രതിമാസ വിറ്റുവരവ്

കൃത്യമായി വിലയിരുത്താനും അത് വർദ്ധിപ്പിക്കാനുള്ള നടപടിയെടുക്കാനുമാണ് രണ്ടാം ഘട്ടത്തിൽ ജില്ലകളോട് ആവശ്യപ്പെടുന്നത്. ഈ സംയോജന പദ്ധതിയിലൂടെ കുടുംബശ്രീ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിറ്റുവരവ് വർദ്ധിക്കുമെന്നും പ്രതീക്ഷിക്കുന്നു.